ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.ബി2/15277/2017/എച്ച്.എസ്.ഇ** **തീയതി :11/10/2017**

## <u>സർക്കുലർ</u>

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- ഡിപ്പാർട്ട്മെന്റൽ അധ്യാപകരുടെ തസ്തികമാറ്റ നിയമനം - സർട്ടിഫിക്കറ്റ് പരിശോധന- സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നും 09/10/2017 തീയതിപ്രകാരം പുനഃക്രമീകരിച്ച് പ്രസിദ്ധീകരിച്ച താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ്

സൂചനപ്രകാരം പരാതികൾ പരിഹരിച്ച് മാറ്റംവരുത്തി പ്രസിദ്ധീകരിച്ച താത്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപറയുന്ന വിഷയങ്ങളിലെ ഡിപ്പാർട്ട്മെന്റൽ അധ്യാപകർ വിഷയാടിസ്ഥാനത്തിൽ ചുവടെയുള്ള ഷെഡ്യൂൾപ്രകാരം അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷയുടെ പകർപ്പും സഹിതം ഹയർസെക്കന്ററി ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിച്ചേരണമെന്ന് അറിയിക്കുന്നു. നിശ്ചിത തീയതിയിലും സമയത്തും സർട്ടിഫിക്കറ്റ് വേരിഫിക്കേഷന് ഹാജരാകാത്ത അധ്യാപകരുടെ പേര് അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ യാതൊരുകാരണവശാലും ഉൾപ്പെടുത്തുന്നതല്ല.

| തീയതി | വിഷയം | പരിശോധനയ്ക്ക് ഹാജരാകേണ്ട അധ്യാപകരുടെ വിവരം |
|---|---|---|
| 19/10/2017(10 AM to 4 PM) | മാത്തമാറ്റിക്സ് | 2014,2015 സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 1 മുതൽ 100 വരെയുള്ള അധ്യാപകർ |
| 20/10/2017 | മാത്തമാറ്റിക്സ്<br>സുവോളജി | 2014, 2015 സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 101 മുതൽ 152 വരെയുള്ള അധ്യാപകർ<br>സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ (65 പേർ) |
| 21/10/2017 | ഹിന്ദി<br>അറബിക് | എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ (83 പേർ)<br>എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ (20 പേർ) |
| 23/10/2017 | ഇംഗ്ലീഷ് | 2012,2013,2014,2015 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട 1 മുതൽ 100 വരെയുള്ള അധ്യാപകർ |
| 24/10/2017 | ഇംഗ്ലീഷ് | 2012,2013,2014,2015 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റിൽ |

| | | |
|---|---|---|
| | | ഉൾപ്പെട്ട 101 മുതൽ 200 വരെയുള്ള അധ്യാപകർ |
| 25/10/2017 | ഇംഗ്ലീഷ് | 2012,2013,2014,2015 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട 201 മുതൽ 304 വരെയുള്ള അധ്യാപകർ |
| 26/10/2017 | പൊളിറ്റിക്കൽ സയൻസ്<br>സോഷ്യൽ വർക്ക്<br>ബോട്ടണി | പ്രസിദ്ധീകരിച്ച സീനിയോറി ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ അധ്യാപകർ<br>പ്രസിദ്ധീകരിച്ച സീനിയോറി ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ അധ്യാപകർ<br>പ്രസിദ്ധീകരിച്ച സീനിയോറി ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ അധ്യാപകർ |
| 27/10/2017 | കമ്പ്യൂട്ടർ സയൻസ്<br>ഉറുദു | എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ<br>എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ |
| 30/10/2017 | മലയാളം | എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 1 മുതൽ 100 വരെയുള്ള അധ്യാപകർ |
| 31/10/2017 | മലയാളം<br>സംസ്കൃതം<br>ജേർണലിസം | എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 101 മുതൽ 151 വരെയുള്ള അധ്യാപകർ<br>എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ (24 പേർ)<br>എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ(10) |
| 01/11/2017 | ഫിസിക്സ്<br>കെമിസ്ട്രി | എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ<br>എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ |
| 02/11/2017 | ഇക്കണോമിക്സ് | (2013, 2015) എച്ച്.എസ്.എ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അധ്യാപകർ |

എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് യഥാസമയം ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചവരിൽ ഓരോ വിഷയത്തിലും മാറ്റിവച്ചിട്ടുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ 2011 മുതൽ 2015 വർഷം വരെ തയ്യാറാക്കിയിട്ടുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ സൂചിപ്പിച്ചിട്ടുള്ള സീനിയോറിറ്റി കോളത്തിൽ ക്രമനമ്പർ (1) മുതൽ ടി ലിസ്റ്റിന്റെ അവസാന ക്രമനമ്പർ വരെയുള്ള സീനിയോറിറ്റി തീയതിക്കുള്ളിൽ വരാൻ സാധ്യതയുള്ളതും (കെ.പി.എസ്.സി. മുഖാന്തിരം നേരിട്ട് എച്ച്.എസ്.എ. തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവർ ടി തസ്തികയിലെ അഡ്വൈസ് തീയതിയും എച്ച്.എസ്.എ. തസ്തികയിൽ ബൈട്രാൻസ്ഫർ മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർ ടി തസ്തികയിലെ നിയമന ഉത്തരവ് തീയതിയും അടിസ്ഥാനമാക്കേണ്ടതാണ്.) കരട് താൽക്കാലിക ലിസ്റ്റിൽ

ഉൾപ്പെടുവാൻ അർഹതയുണ്ടായിട്ടും ഉൾപ്പെടാതെപോയ എല്ലാ വിഷയങ്ങളിലേയും അപേക്ഷകർ എല്ലാ രേഖകളും അവയുടെ പകർപ്പുകളുമായി 03/11/2017 10 AM ന് ഡയറക്ടറേറ്റിൽ ഹാജരാകേണ്ടതാണ്. ചില ജീവനക്കാർ എച്ച്.എസ്.എ. തസ്തികയിലെ അഡ്വൈസ് തീയതി/നിയമന ഉത്തരവ് തീയതി എന്നിവയ്ക്ക് പകരം എൽ.പി.എസ്.എ./യു.പി.എസ്.എ. തസ്തികയിലെ അഡ്വൈസ് തീയതി/നിയമന ഉത്തരവ് തീയതിയാണ് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി ജീവനക്കാർക്ക് നിലവിൽ പ്രസിദ്ധീകരിച്ച പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെടാനുള്ള അർഹതയില്ലെന്ന് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് കണ്ടെത്തുകയാണെങ്കിൽ അത്തരം ജീവനക്കാരെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.

**<u>സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വരുന്നവർ താഴെപറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.</u>**

**<u>ഒറിജിനൽ സർട്ടിഫിക്കറ്റുകൾ</u>**

1. നിലവിൽ ജോലിചെയ്യുന്ന തസ്തികയിലെ (എച്ച്.എസ്.എ./എൽ.പി.എസ്.എ./ യു.പി.എസ്.എ.) അഡ്വൈസ്/അപ്പോയ്ന്റ്മെന്റ് ഓർഡർ
   എൽ.പി.എസ്.എ/യു.പി.എസ്.എ. യിൽ നിന്ന് പ്രമോഷൻ മുഖേന എച്ച്.എസ്.എ തസ്തികയിൽ നിയമിച്ചുകൊണ്ടുള്ള പ്രൊമോഷൻ ഓർഡർ
2. PG, B.Ed, SET സർട്ടിഫിക്കറ്റുകൾ
3. കേരളത്തിനു പുറത്തുനിന്നുള്ള സർവ്വകലാശാലകളിൽ നിന്നും ബിരുദം നേടിയവർ Equivalency Certificate ഹാജരാക്കണം
4. PG Mark list, B.Ed Mark list
5. നിലവിൽ ജോലിചെയ്യുന്ന തസ്തികയിലെ പ്രൊബേഷൻ ഉത്തരവ്
6. അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവ്
7. സർവ്വീസ് സർട്ടിഫിക്കറ്റ്
8. അന്തർ ജില്ലാ സ്ഥലംമാറ്റം ആണെങ്കിൽ ഇപ്പോൾ ജോലിചെയ്യുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ഉത്തരവ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി